പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2118 **26-10-2026-ൽ മറുപടിയ്ക്ക്**

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതുമൂലമുള്ള പ്രയാസങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എൻജിനീയറിങ് വിഭാഗത്തിൽ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ശ്രേണിയിലെ ഉയർന്ന ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കാതെ അംഗീകാരം നൽകുന്നതു കാരണം പ്രവൃത്തികൾ നിർമ്മാണം ആരംഭിച്ച ശേഷം നിർത്തിവെച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകാറുണ്ടോ;

മറുപടി: തദ്ദേശ സ്വയംഭരണ വകുപ്പിലെ എൻജിനീയറിങ് വിഭാഗത്തിൽ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ശ്രേണിയിലെ ഉയർന്ന ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിച്ചാണ് അംഗീകാരം നൽകുന്നത്. സൈറ്റ് കണ്ടീഷൻ അനുസരിച്ചോ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിലോ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് തൃപ്തികരമായ പൂർത്തീകരണത്തിന് ചില പ്രവൃത്തികളിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

(ബി) ഭരണാനുമതിയും ടെക്നിക്കൽ സാങ്ഷനും നൽകി ടെൻഡർ ചെയ്ത ശേഷം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടാകുന്നത് പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിശോധിക്കുമോ;

മറുപടി: എസ്റ്റിമേറ്റിലെ ഇനങ്ങളിൽ മാറ്റം വരുത്തുന്നതുമൂലം അനാവശ്യ കാലതാമസം ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ പരിശോധിക്കുകയും, ആവശ്യമായ ഇടപെടലുകൾ നടത്തി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) എങ്കിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്ന അവസരത്തിൽ തന്നെ എസ്റ്റിമേറ്റുകൾ പരിശോധിച്ചു അനുമതി നൽകുന്നതിനും ഒഴിച്ചു കൂടാനാവാത്ത ഘട്ടങ്ങളിലല്ലാതെ പ്രവൃത്തി ആരംഭിച്ച ശേഷം നിർത്തി വയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: എസ്റ്റിമേറ്റിലെ ഇനങ്ങളിൽ മാറ്റം വരുത്തുന്നതുമൂലം അനാവശ്യ കാലതാമസം ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ പരിശോധിക്കുകയും, ആവശ്യമായ ഇടപെടലുകൾ നടത്തി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ